# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1594** 5.12.2014-ൽ മറുപടിക്ക്

**പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ ശേഖരിച്ച് നിർമ്മാർജനം ചെയ്യുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ എം ഷാജി | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുവാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ; എങ്കിൽ ഏതു വിധത്തിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; | (എ) | മൂന്നു മാസത്തിൽ ഒരിക്കൽ സംസ്ഥാനത്തെ 14 കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതിനുള്ള ഒരു താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് വിജയമാകുന്ന പക്ഷം ഇതൊരു സ്ഥിരം സംവിധാനം ആക്കാനും ആലോചനയുണ്ട്. |
| (ബി) | ഇലക്ട്രോണിക് മാലിന്യങ്ങൾ ജനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; | (ബി) | ഇലക്ട്രോണിക് മാലിന്യങ്ങൾ ജനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന് നഗരസഭകൾ വഴി സംവിധാനം ഏർപ്പെടുത്തിവരുന്നു. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണകേന്ദ്രം തുടങ്ങിയിട്ടുണ്ട്. മറ്റു നഗരങ്ങളിലും സംവിധാനം ഏർപ്പെടുത്തി വരുന്നു. മാസം തോറും ഇലക്ട്രോണിക് മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കുവാനുള്ള സംവിധാനം ഒരുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. |
| സി) | അലക്ഷ്യമായ രീതിയിൽ വീടുകളിലും സ്ഥാപനങ്ങളിലും കൂട്ടിയിട്ട് പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന ട്യൂബ്‌ലൈറ്റുകളും സിഎഫ്എൽ-കളും ശേഖരിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തൊക്കെ പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത്; വിശദമാക്കുമോ ? | സി) | മറ്റു ഇ-മാലിന്യങ്ങളോടൊപ്പം 90:10 എന്ന അനുപാതത്തിൽ ട്യൂബ്‌ലൈറ്റുകളും സിഎഫ്എൽ-കളും ശേഖരിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനി ഇ-ടെണ്ടർ നടപടി വഴി തെരഞ്ഞെടുത്ത എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ധാരണയിലെത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ